(ഡി) ഈ ഫണ്ടിനത്തിൽ സർക്കാരിന്റെ കൈവശം നീക്കിയിരിപ്പുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മേയ്, ജൂൺ മാസങ്ങളിലുണ്ടായ അതിശക്തമായ പ്രകൃതിക്ഷോഭംമൂലം ഫറോക്ക് പഞ്ചായത്തിലെ കരുവൻ തിരുത്തി പ്രദേശത്ത് ഏകദേശം 300 മീറ്റർ നീളത്തിൽ ശരാശരി 5 മീറ്റർ വീതിയിൽ ചാലിയാറിന്റെ ഇടതുകര ഇടിഞ്ഞ് നാശ നഷ്ടങ്ങൾ ഉണ്ടായിട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഭാഗത്ത് സംരക്ഷണഭിത്തി കെട്ടുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

ആലപ്പുഴയിലെ ചെറിയ കനാലുകളും ഇടത്തോടുകളും വൃത്തിയാക്കാൻ നടപടി

65 [1043] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ ചെറിയ കനാലുകളും ഇടത്തോടുകളും വൃത്തിയാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഇല്ലെങ്കിൽ ഇതിനു വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ ആന്റ് ബി) ആലപ്പുഴ നഗരത്തിലെ കനാലുകളും ഇടത്തോടുകളും വൃത്തിയാക്കുന്നതിനായി ടൂറിസം വകുപ്പിന്റെ ധനസഹായത്തോടുകൂടി 'ആലപ്പുഴയിലെ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും' വേണ്ടി ഒരു പ്രവൃത്തി ജലവിഭവ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 150.25 ലക്ഷം രൂപയുടെ ഭരണാനുമതിയും 121.50 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകുകയും 50% പ്രവൃത്തികൾ പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ബാധകമല്ല.

കേരള വാട്ടർ അതോറിറ്റിയുടെ ധവള പത്രവും ഒഴിവുള്ള തസ്തികകളിലെ നിയമനവും

66 [1044] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ധവളപത്രം എന്ന് നിലവിൽ വന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ധവള പത്രത്തിന് ശേഷം ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ തസ്തികയിൽ നിയമന നിരോധനം നിലവിലുണ്ടോ;

(ഡി) സർക്കാർ നിയമന നിരോധനം മാറ്റിയ ശേഷവും വാട്ടർ അതോറിറ്റിയിൽ നിയമന നിരോധനം നിലവിലുണ്ടോ;

(ഇ) കേരള വാട്ടർ അതോറിറ്റിയിൽ 524 ഓപ്പറേറ്റർ തസ്തിക നിലവിലുള്ളതിൽ എത്ര എണ്ണം പി.എസ്.സി. വഴി നിയമിച്ചു;

(എഫ്) ബാക്കി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(ജി) കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഹൗസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പമ്പ് ഹൗസുകൾ വാട്ടർ അതോറിറ്റി നിലവിൽ നടത്തിക്കൊണ്ടുപോകുന്നുവെന്ന് വിശദമാക്കുമോ;

(എച്ച്) കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ തസ്തികയിലെ നിയമനം സംബന്ധിച്ചുള്ള ഹൈക്കോടതി വിധി എന്താണ്;

(ഐ) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ച ധവളപത്രം 16-4-2003-ലെ സ.ഉ. (എംഎസ്സ്.) 20/03/ജലവിവ. പ്രകാരം സർക്കാർ അംഗീകരിച്ചു.

(ബി) പ്രസ്തുത ധവള പത്രത്തിന് ശേഷം താഴെപ്പറയുന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

ഓപ്പറേറ്റർ	. .	100
അസിസ്റ്റന്റ് എഞ്ചിനീയർ	. .	61
ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II	. .	31
എൽ. ഡി. ടൈപ്പിസ്റ്റ്	. .	82
എൽ. ഡി. ക്ലാർക്ക്	. .	48
പ്യൂൺ	. .	46
ലാസ്ക്കർ	. .	23
അൺ സ്കിൽഡ് വർക്കർ	. .	170
വാച്ച്മാൻ	. .	68

കൂടാതെ സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം 16 പേർക്ക് വിവിധ തസ്തികകളിലായി നിയമനം നൽകിയിട്ടുണ്ട്. (എൽ.ഡി.സി.-10, പ്യൂൺ-3, ഡ്രാഫ്റ്റ്സ്മാൻ I-2, ഓപ്പറേറ്റർ-1)

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാട്ടർ അതോറിറ്റിയിൽ നിയമന നിരോധനം നിലവില്ല.

(ഇ) 100 പേരെ നിയമിച്ചു.

(എഫ്) വാട്ടർ അതോറിറ്റിയുടെ പുനഃസംഘടനാ നിർദ്ദേശവും, 1050 സ്കീമുകൾ പഞ്ചായത്തുകൾക്ക് കൈമാറുവാനുള്ള സർക്കാരിന്റെ തീരുമാനവും കണക്കിലെടുത്ത് ഒഴിവുകൾ തിട്ടപ്പെടുത്തേണ്ടതുണ്ട്.

(ജി) ഉണ്ട്. കേരള വാട്ടർ അതോറിറ്റി 1622 പമ്പ് ഹൗസുകൾ നടത്തിക്കൊണ്ടു പോകുന്നു.

(എച്ച്) നിലവിലുള്ള വേക്കൻസികൾ ഒരു മാസത്തിനകം പി.എസ്.സി.-യെ അറിയിക്കുവാൻ ബഹു. ഹൈക്കോടതി ഡബ്ല്യു.പി. (സി.) നം. 5549/04, ഡബ്ല്യു.പി. (സി.) നം. 4911/04 എന്നീ കേസുകളിലെ ഇടക്കാല ഉത്തരവിൽ 26-5-2004-ൽ നിർദ്ദേശിച്ചിരുന്നു.

(ഐ) നിയമനം നടത്തിയിട്ടില്ല. വാട്ടർ അതോറിറ്റിയുടെ പുനഃസംഘടന, 1050 വാട്ടർ സപ്ലൈ സ്കീമുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള തീരുമാനം എന്നിവ കൂടി കണക്കിലെടുത്ത് സ്ഥിര നിയമന ആവശ്യകത തിട്ടപ്പെടുത്തി ഇക്കാര്യത്തിൽ ഉള്ള ഹൈക്കോടതി വിധിയനുസരിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേരളാ വാട്ടർ അതോറിറ്റി ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലം

67 [1045] ശ്രീ. ടി. പി. എം. സാഹിർ:
„ പി. കെ. അബ്ദുറബ്ബ്:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ഒരുമാസം വിതരണം നടത്തുന്ന ജലത്തിന്റെ അളവെത്ര;

(ബി) ഇതിന് വേണ്ടിവരുന്ന ചെലവ് എത്ര;

(സി) ഇതിൽ നിന്നും ലഭിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി പ്രതിമാസം 42000 മുതൽ 45000 ദശലക്ഷം ലിറ്റർ ജലം വിതരണം നടത്തുന്നു.

(ബി) പ്രതിമാസം 20 മുതൽ 22 കോടി രൂപ വരെ.

(സി) പ്രതിമാസം 9.65 കോടി രൂപ വരെ.

LIBRARY ARCHIVES Kerala Legislative Assembly